ഉത്തരം

(എ) 1998-99 വിദ്യാഭ്യാസ വർഷം വരെ മുസ്ലീം-നാടാർ സ്കോളർഷിപ്പ് കൊടുത്തിട്ടുണ്ട്.

(ബി) 1998-99-ന് ശേഷം നടപ്പ് അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (1999-2000)

(സി) കൃത്യമായ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

30 (2408) അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകളും പരിശീലനവും നടത്തുന്നതിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) ഇതിനുവേണ്ടി 1999-2000-ാം ആണ്ടേക്ക് എത്ര തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു;

(സി) അദ്ധ്യാപകർക്ക് വേണ്ടിയുള്ള റിഫ്രഷർ കോഴ്സും പരിശീലനവും നടത്തുന്നത് ആരാണ്;

(ഡി) ഇതിന് അവർക്ക് കിട്ടിയിട്ടുള്ള പ്രത്യേക വിദ്യാഭ്യാസ യോഗ്യതയും പരിശീലനവും എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.റ്റി.യും ജില്ലാ തലത്തിൽ ഡയറ്റുകളും പ്രവർത്തിക്കുന്നു. ഹൈസ്കൂൾ തലത്തിലുള്ള അദ്ധ്യാപകർക്ക് കൃു.ഐ.പി. പരിശീലനവും നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അദ്ധ്യാപകർക്കുവേണ്ടിയുള്ള റിഫ്രഷർ കോഴ്സിന്റെ സംസ്ഥാനതല ചുമതല എസ്.സി.ഇ.ആർ.റ്റി.ക്കും ജില്ലാതല ചുമതല ഡയറ്റുകൾക്കുമാണ്.

(ഡി) ഫാക്കൽറ്റി അംഗങ്ങൾ ബന്ധട്ടെ വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും എം.എഡും ഉള്ളവരാണ്. ഇവർക്ക് എൻ.സി.ഇ.ആർ.ടി., എൻ. ഐ.ഇ.പി.എ. എന്നീ ദേശീയ സ്ഥാപനങ്ങൾ വഴി പരിശീലനവും നൽകുന്നുണ്ട്.

31 (2409) പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അദ്ധ്യാപകരായി നിയമനം കിട്ടുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) ബി.എഡ് പാസ്സായവരെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) സ്വകാര്യ മാനേജ്മെന്റ് നടത്തുന്ന ഏതെങ്കിലും പി.പി.റ്റി റ്റി.ഐ.യിൽ സർക്കാർ ശമ്പളം നൽകുന്നുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

(ഇ) ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) അംഗീകാരമില്ലാത്ത പി.പി.റ്റി റ്റി.ഐ.കൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയ്ക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏർളി ചൈൽഡ്ഹുഡ് അല്ലെങ്കിൽ പ്രീ-സ്ക്കൂൾ എഡ്യൂക്കേഷനിൽ ഡിപ്ലോമയുള്ള ട്രെയിൻഡ് ഗ്രാഡ്വേറ്റ്സിനെയാകണം അദ്ധ്യാപകരായി നിയമിക്കേണ്ടത്.

(ബി) 14.3.84-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 43/84/പൊ.വി. പ്രകാരം മേൽ സൂചിപ്പിച്ച യോഗ്യതയുള്ളവരെയാണ് അദ്ധ്യാപകരായി നിയമിച്ചുകൊണ്ടിരിക്കുന്നത്.

(സി) ഇല്ല.

(ഡി) അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് പതിനെട്ടു വയസ്സ് തികഞ്ഞിരിക്കണം. എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ 45%-ൽ കുറയാത്ത മാർക്കോടെ പാസ്സായിരിക്കണം. പ്രീഡിഗ്രി യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം.

(ഇ) ഇല്ല.

(എഫ്)ഉണ്ട്. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ല ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. എന്നാൽ എൻ.സി.റ്റി.ഇ.യുടെ നിയന്ത്രണ പരിധിയിലാണ് പി.പി.റ്റി.റ്റി.ഐ.കളും.

32 (2410) വിദ്യാലയങ്ങളിലെ പരിശോധന

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വിദ്യാഭ്യാസ വർഷം സംസ്ഥാനത്തുള്ള എയിഡഡ് സ്കൂളുകളിൽ വ്യാജരേഖ ചമച്ചും കുട്ടികളെ മറ്റ് ഡിവിഷനുകളിൽ മാറ്റി ഇരു